പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5777

05.07.2013 ൽ മറുപടിക്ക്

**മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കൽ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ വി. ശിവൻകുട്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ കടകളിൽ നിന്ന് കാർഡുടമകൾ വാങ്ങാത്ത മണ്ണെണ്ണ കരിഞ്ചന്തയിൽ വിറ്റതുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ? | (എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**01. തിരുവനന്തപുരം**

10.12.2012 ൽ പൂവാറിൽ നിന്നും 190 ലിറ്റർ, 27.02.2013 ൽ കാട്ടാക്കട കിള്ളിയ്ക്കു സമീപത്തുനിന്നും 2925 ലിറ്റർ, 22.05.2013 ൽ എരുത്താവൂർ എന്ന സ്ഥലത്തു നിന്നും 1470 ലിറ്റർ എന്നിങ്ങനെ മൊത്തം 4585 ലിറ്റർ റേഷൻ മണ്ണെണ്ണ സമീപകാലത്തായി പിടിച്ചെടുത്തിട്ടുണ്ട്. ടി കേസുകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**02. കൊല്ലം**

കേസുകൾ നിലവിലില്ല.

**03. പത്തനംതിട്ട**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 520 ലിറ്റർ മണ്ണെണ്ണ (തിരുവല്ല 150 ലിറ്റർ, മല്ലപ്പള്ളി 370 ലിറ്റർ) പിടിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ വില്പനതുക 7460 രൂപ ആർ.ഡി. അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

**04 കോട്ടയം**

കേസുകൾ നിലവിലില്ല.

**05 ആലപ്പുഴ**

കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ മാവേലിക്കര താലൂക്കിൽ ഒരു കേസും, അമ്പലപ്പുഴ താലൂക്കിൽ ഒരു കേസും ഉൾപ്പെടെ ആകെ രണ്ട് കേസുകൾ ആലപ്പുഴ ജില്ലയിൽ ഉണ്ട്.

**06 ഇടുക്കി**

കേസുകൾ നിലവിലില്ല.

**07. എറണാകുളം**

നിലവിൽ 6 കേസുകളിലായി 5760 ലിറ്റർ മണ്ണെണ്ണ പിടിച്ചെടുത്തിട്ടുണ്ട്. ഇതിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**08 തൃശ്ശൂർ**

തൃശൂർ കോർപ്പറേഷനിലെ 6/402 നം. കെട്ടിടത്തിൽ നിന്ന് അനധികൃതമായും, ആളില്ലാതെയും സൂക്ഷിച്ച 12 ലിറ്റർ നീല മണ്ണെണ്ണ പിടിച്ചെടുക്കുകയും, പൊതുവിതരണ സമ്പ്രദായത്തിൽ വിറ്റഴിച്ച് പണം റവന്യൂ ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പോലീസ് കേസായി രജിസ്റ്റർ ചെയ്തിട്ടില്ല.

09. **പാലക്കാട്**

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഈ കാലളവു വരെ പാലക്കാട് ജില്ലയിൽ മണ്ണെണ്ണ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് 4 കേസുകൾ നിലവിലുണ്ട്. ടി കേസുകൾ പ്രകാരം 142 ലിറ്റർ നീല മണ്ണെണ്ണ പിടിച്ചെടുക്കുകയും, ഇ.സി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 3 കേസുകളിൽ പിഴ ഈടാക്കുകയും ഒരു കേസിൽ തുടർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

10. **കോഴിക്കോട്**

കേസുകൾ നിലവിലില്ല.

11. **മലപ്പുറം**

മലപ്പുറം ജില്ലയിൽ 2011 വർഷത്തിൽ 3 കേസുകളിലായി 2080 ലിറ്റർ, 2012 ൽ 3 കേസുകളിലായി 137 ലിറ്റർ എന്നിങ്ങനെ മൊത്തം 2217 ലിറ്റർ നീല മണ്ണെണ്ണ പിടിച്ചെടുക്കുകയും, ഇതിന്മേൽ ഇ.സി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

12. **വയനാട്**

കേസുകൾ നിലവിലില്ല.

13. **കണ്ണൂർ**

കേസുകൾ നിലവിലില്ല.

14. **കാസർഗോഡ്**

കേസുകൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ